# Kerala State Film Awards 2010 Declaration

22-05-2011
Thiruvananthapuram

**KERALA STATE CHALACHITRA ACADEMY**
Sasthamangalam
Thiruvananthapuram 695 010
Phone : 0471- 2310323, 2312214
Fax : 2310322

# 2010-ലെ കേരള സംസ്ഥാന ഫിലിം അവാർഡിന് മത്സരത്തിനെത്തിയവ

## കഥാചിത്രങ്ങൾ

1. ബോധി
2. രാമരാവണൻ
3. അവൻ
4. പ്രാഞ്ചിയേട്ടൻ ആന്റ് ദ സെയ്ന്റ്
5. യുഗപുരുഷൻ
6. മമ്മി & മീ
7. മരിക്കുണ്ടൊരു കുഞ്ഞാട്
8. ടൂർണമെന്റ് പ്ലേ & റീപ്ലേ
9. ഇൻ ഗോസ്റ്റ് ഹൗസ് ഇൻ
10. ഇലക്ട്ര
11. പകർന്നാട്ടം
12. മലർവാടി ആർട്സ് ക്ലബ്
13. കഥ തുടരുന്നു
14. കോക്ക് ടെയിൽ
15. ഫോർ ഫ്രണ്ട്സ്
16. പോക്കിരിരാജ
17. കരയിലേയ്ക്ക് ഒരു കടൽദൂരം
18. ആത്മകഥ
19. ഗ്രാമം
20. നഖരം
21. റ്റി.ഡി.ദാസൻ സ്റ്റാന്റേഡ് VI.B
22. പാട്ടിന്റെ പാലാഴി
23. ചിത്രസൂത്രം
24. കർമ്മയോഗി
25. ഗദ്ദാമ
26. ജനകൻ
27. സ്വരരാഗ ഗംഗ
28. ആദാമിന്റെ മകൻ അബു
29. കളഭമഴ
30. സദ്ഗമയ
31. വീട്ടിലേയ്ക്കുള്ള വഴി
32. എറനാടിൻ പോരാളി
33. മകരമഞ്ഞ്
34. അൻവർ
35. അച്ഛൻ
36. ഒരു നാൾ വരും
37. കാര്യസ്ഥൻ
38. ബെസ്റ്റ് ആക്ടർ
39. ജാനകി

## ഡോക്യുമെന്ററികൾ

1. തുഞ്ചത്തെഴുത്തച്ഛൻ
2. മേക്കിംഗ് ഓഫ് മാസ്ട്രോ

## ലേഖനങ്ങൾ

1. **നൊസ്റ്റാൾജിയ നിർമ്മിക്കപ്പെടുന്നത്**
   *എൻ.വി.സുജിത് കുമാർ*
2. **സമവാക്യങ്ങളിലെ മുസ്ലീം മലയാള സിനിമയിൽ**
   *കെ.പി.ജയകുമാർ*
3. **സിനിമയുടെ നോട്ടങ്ങൾ**
   *പ്രൊഫ.(ഡോ.).കെ.ഗോപിനാഥൻ*
4. **ചിത്രസൂത്രത്തിന്റെ പൊരുൾ**
   *രാഹുൽ രാധാകൃഷ്ണൻ*
5. **സിനിമ പോസ്റ്റർ സൗന്ദര്യം, ചരിത്രം, വർത്തമാനം**
   *ഡോ.രാജേഷ്.എം.ആർ.*
6. **കൊല്ലരുത് സംവിധായകരെ**
   *ഡോ.ബിജു*
7. **ദുരൂഹത നിലവാര ഭദ്രതയല്ല**
   *മോഹൻദാസ് കല്ലറിക്കൽ*
8. **ഹംഗറി മുതൽ മലപ്പുറം വരെ**
   *മധു ജനാർദ്ദനൻ*
9. **ഷിറിൻ**
   *മധു ജനാർദ്ദനൻ*
10. **മോഹൻലാൽ : താരസ്വരൂപന്റെ രൂപാന്തരങ്ങൾ**
    *സി.എസ്.വെങ്കിടേശ്വരൻ*
11. **അഗ്രകാമനകളുടെ ആദ്യപുരുഷൻ**
    *ബാനു പ്രകാശ്*

## പുസ്തകങ്ങൾ

1. പ്രിയദർശൻ - ഹിറ്റുകളുടെ രാജകുമാരൻ
2. തിരശ്ശീലയിലെ പച്ചിലകൾ
3. ദേശം പൗരത്വം സിനിമ
4. തിരക്കഥാസാഹിത്യം : സൗന്ദര്യവും പ്രസക്തിയും
5 സിനിമയും മനസ്സും
6. കാഴ്ചയുടെ ഋതുഭേദങ്ങൾ
7. കാഴ്ചയുടെ രസാന്തരങ്ങൾ
8. പെണ്ണ് തോക്ക് കിടക്ക
9. ഉദ്യോഗസ്ഥ മുതൽ
10. 100 ക്ലാസിക്കൽ സിനിമകൾ
11. പെൺ മനസ്സുകളുടെ പെരുവഴിയമ്പലം
12. ചരിത്രവും ചലച്ചിത്രവും : ദേശ്യഭാവനയുടെ
13. സിനിമ ഒരു വിസ്മയകല
14. തിരക്കഥ : സിനിമയുടെ ബ്ലൂപ്രിന്റ്

# ജൂറി അംഗങ്ങൾ

## ചലച്ചിത്ര വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ. ബുദ്ധദേവ് ദാസ് ഗുപ്ത | - | ജൂറി ചെയർമാൻ |
| 2. | ശ്രീ. നേമം പുഷ്പരാജ് | - | അംഗം |
| 3. | ശ്രീമതി. സാവിത്രി രാജീവൻ | - | അംഗം |
| 4. | ശ്രീ. ജി.എസ്.പണിക്കർ | - | അംഗം |
| 5. | ശ്രീ. കാവാലം ശ്രീകുമാർ | - | അംഗം |
| 6. | ശ്രീ. മധു ഇറവൻകര | - | അംഗം |
| 7. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

## രചനാ വിഭാഗം

| | | | |
|---|---|---|---|
| 1. | ഒ.കെ.ജോണി | - | ജൂറി ചെയർമാൻ |
| 2. | ശ്രീമതി. വി.എം.ഗിരിജ | - | മെമ്പർ |
| 3. | ശ്രീ. വി.എസ്.രാജേഷ് | - | മെമ്പർ |
| 4. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

# സംസ്ഥാന ചലച്ചിത്ര അവാർഡ് 2010

## ചലച്ചിത്ര വിഭാഗം അവാർഡുകൾ

## ജൂറി പരാമർശം

2010 ലെ മലയാള സിനിമാ അവാർഡ് ജൂറിയുടെ പരിഗണനക്കായി 39 ഫീച്ചർ ഫിലിമുകളും 2 ഡോക്യുമെന്ററികളുമാണ് സമർപ്പിക്കപ്പെട്ടത്. ഛായാഗ്രഹണം, ചിത്രസംയോജനം, ശബ്ദലേഖനം, സംസ്കരണം എന്നീ മേഖലകളിൽ സാങ്കേതികമായ മികവ് ഈ ചിത്രങ്ങൾ എല്ലാം തന്നെ പുലർത്തിയിട്ടുണ്ട്. സോഷ്യൽ ഡ്രാമ, രാഷ്ട്രീയം, മതം എന്നിങ്ങനെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്ത ചിത്രങ്ങൾ കാണാൻ സാധിച്ചുവെങ്കിലും ഈചിത്രങ്ങളെല്ലാം ഒരുപോലെ ജൂറിക്ക് ഇഷ്ടപ്പെട്ടുവെന്ന് പറയാൻ വയ്യ. പക്ഷെ വിവിധങ്ങളായവിഷയങ്ങളും അവയുടെ അവതരണവും അടങ്ങിയ ചലച്ചിത്രാംശങ്ങളിലൂടെ നവാഗത ചിത്രങ്ങൾ ജൂറിയുടെ ശക്തമായ ശ്രദ്ധ ആകർഷിച്ചു എന്നത് എടുത്തു പറയേണ്ടിവരും. മലയാള സിനിമയ്ക്ക്ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ നേടികൊടുത്ത മുൻഗാമികളുടെ പാരമ്പര്യത്തെ മുന്നോട്ടു നയിക്കുന്ന ഒരു വലിയ പ്രതീക്ഷ അടയാളപ്പെടുത്തുവാൻ ഈ നവാഗത സംവിധായകർക്ക് കഴിയുമെന്ന് ജൂറി നിരീക്ഷിക്കുന്നു.

ഈ വർഷത്തെ പ്രധാനപ്പെട്ട അവാർഡുകളിൽ പലതും നവാഗതസിനിമകൾക്കും അവയുടെ സംവിധായകർക്കുമാണ് ലഭിച്ചിരിക്കുന്നത്. സർക്കാറിന്റെ സഹായവും പിൻതുണയുമുണ്ടെങ്കിൽ പുതുമുഖങ്ങൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും ചലച്ചിത്ര രംഗത്തെ മികവിലൂടെ പ്രേക്ഷകരുടെ അംഗീകാരം നേടാനും കഴിയുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

അത്ഭുതമെന്ന് പറയട്ടെ കുട്ടികളുടെ സിനിമാ വിഭാഗത്തിൽ ഈ വർഷം ഒരുചിത്രം പോലും പരിഗണനക്കായി സമർപ്പിക്കപ്പെട്ടിട്ടില്ല. ഈ ഒരു പ്രവണതയെ ജൂറി ആരോഗ്യകരമായി കാണുന്നില്ല എന്നത് മാത്രമല്ല സർക്കാരും ചലച്ചിത്ര പ്രവർത്തകരും ഗൗരവതരമായി ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കണമെന്ന് താൽപര്യപ്പെടുകയും ചെയ്യുന്നു, കാരണം കുട്ടികളുടെ ചിത്രങ്ങൾ എപ്പോഴും, കരുതലും മൂല്യങ്ങളും, അഭിലാഷങ്ങളും പുലർത്തുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടു വരുകയും നാളത്തെ നല്ല മനുഷ്യരായി അവരെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

**ജൂറി നിർദ്ദേശങ്ങൾ**

1. മികവുപുലർത്തുന്ന ചലച്ചിത്രങ്ങൾ വാണിജ്യതലത്തിൽ പ്രദർശനത്തിനെത്തിക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ തീയേറ്ററുകളുടെ ശൃംഖല സൃഷ്ടിച്ചുകൊണ്ട് കൂടുതൽ അവസരങ്ങൾ ഒരുക്കുവാൻ ശ്രമിക്കേണ്ടതാണ്.

2. രണ്ടു തട്ടുകളിലായി നടത്താവുന്ന ചിത്രങ്ങളുടെ തെരഞ്ഞെടുപ്പ് സംവിധാനം ജൂറി ശക്തമായി നിർദ്ദേശിക്കുന്നു, ഇതുവഴി മികച്ച ചിത്രങ്ങൾ അവാർഡിനായി മത്സരിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയും.

3. പുരുഷ - സ്ത്രി വിഭാഗങ്ങളിൽ ഡബ്ബിംഗ് ആർട്ടിസ്റ്റുകൾക്ക് പ്രത്ര്യേകം പ്രത്യേകം അവാർഡുകൾ പരിഗണിക്കണമെന്ന് ജൂറി ശുപാർശ ചെയ്യുന്നു.

4. നിർമാണചിലവിന്റെ വർദ്ധന കണക്കിലെടുത്തുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നും സബ്സിഡി തുക വർദ്ധിപ്പിക്കുന്ന വിഷയം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഇതിനായി നിർമാണമികവ് അവശ്യം വേണ്ട മാനദണ്ഡമായി നിശ്ചയിക്കാവുന്നതാണ്.

5. അന്താരാഷ്ട്ര തലത്തിൽ സ്വന്തം ശബ്ദം നൽകാത്ത അഭിനേതാക്കളെ പുരസ്കാരങ്ങൾക്കായി പരിഗണിക്കാറില്ല. അത്തരത്തിൽ അഭിനയിച്ച ചലച്ചിത്രങ്ങളിലെ തങ്ങളുടെ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയ അഭിനേതാക്കളെ മാത്രമെ പുരസ്കാരത്തിനായി പരിഗണിക്കാൻ പാടുള്ളൂ.

6. രണ്ടു ഡോക്യുമെന്ററികൾ മാത്രമാണ് അവാർഡിന്റെ പരിഗണനക്ക് വന്നത്. ഏറെ ചെലവു വേണ്ടിവരുന്ന ഫിലിം ഫോർമറ്റുമായിബന്ധപ്പെട്ട നിർമാണ നിബന്ധനകൾ ഇതിനു കാരണമായിട്ടുണ്ട്. ഫിലിം ഫോർമറ്റില്ലാതെ ഷൂട്ടുചെയ്യപ്പെട്ട ഫീച്ചർ ഫിലിമുകളും, ഡോക്യുമെന്ററികളും മത്സരത്തിനായി പരിഗണിക്കേണ്ടതാണ്.

1. **മികച്ച കഥാചിത്രം** – **ആദാമിന്റെ മകൻ അബു**

**സംവിധായകൻ** – **സലിം അഹമ്മദ്**

**നിർമ്മാതാവ്** – 1. സലിം അഹമ്മദ്, 2. അഷറഫ് ബേദി

*(നിർമ്മാതാക്കൾക്ക് 1,00,000 രൂപയും, ശില്പവും പ്രശസ്തി പത്രവും വീതം, സംവിധായകന് 1,00,000 രൂപയും ശില്പവും പ്രശസ്തി പത്രവും)*

ഭാരതത്തിന്റെ സാമൂഹ്യ പരിതസ്ഥിതിയിൽ വളരെ പ്രസക്തമായ ഒരു വിഷയമാണ് ഈ നവാഗത സംവിധായകൻ തിരഞ്ഞെടുത്തത്. ഫിലിം മേക്കിങ്ങിന്റെ സാങ്കേതിക വശങ്ങളിലെ ഉന്നതമായ വൈദഗ്ദ്ധ്യം നമ്മെ ആശ്ചര്യപ്പെടുത്തുന്നു. ഈ ചലച്ചിത്രം നേടിയെടുത്ത മികവ് രാജ്യത്തെ മുഴുവൻ ചലച്ചിത്രാസ്വാദകരുടെയും ആരാധനക്ക് പാത്രമാകുമെന്ന് തീർച്ചയായും പറയാം.

2. **മികച്ച രണ്ടാമത്തെ കഥാചിത്രം** – **മകരമഞ്ഞ്**

**സംവിധായകൻ** – **ലെനിൻ രാജേന്ദ്രൻ**

**നിർമ്മാതാവ്** – ലെനിൻ രാജേന്ദ്രൻ

*(നിർമ്മാതാവിന് 1,20,000 രൂപയും, ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 75,000 രൂപയും ശില്പവും പ്രശസ്തി പത്രവും)*

ഭാരതത്തിലെ മഹാനായ ഒരു കലാകാരന്റെ ജീവിതത്തിലെ ഏറ്റവും വൈകാരികവും സൃഷ്ടിപരവുമായ കാലഘട്ടത്തിന്റെ പുനരാവിഷ്കാരം കലാപരമായ മികവോടെ അവതരിപ്പിച്ചിരിക്കുന്നു. ഏതൊരു മികച്ച കലാകാരന്റേയും അടിസ്ഥാന ഘടകമെന്ന് വിശേഷിപ്പിക്കാവുന്ന ഫാന്റസിയുടേയും യാഥാർഥ്യത്തിന്റേയും സങ്കലനത്തെ സ്നേഹത്തോടെയും തീവ്രതയോടെയും സൂഷ്മതയോടെയും കൈകാര്യം ചെയ്തിരിക്കുന്നു.

3. **മികച്ച സംവിധായകൻ** – **ശ്യാമപ്രസാദ്**

**ചിത്രം** – ഇലക്ട്ര

*(1,00,000 രൂപയും ശില്പവും പ്രശസ്തി പത്രവും)*

ബന്ധങ്ങളുടെ തീവ്രമായ അടുപ്പത്തെ വിവിധ വീക്ഷണകോണുകളിൽ നിന്ന് അന്വേഷിക്കുന്ന ചലച്ചിത്രം. വ്യതിരിക്തമായ അവസ്ഥകളിലെ സങ്കീർണ്ണങ്ങളായ അടിസ്ഥാന മാനുഷിക സ്വഭാവ വിശേഷങ്ങളെ ഗ്രീക്ക് ദുരന്ത കഥയുടെ പശ്ചാത്തലത്തിൽ മികവോടെ സംവിധായകൻ കൈകാര്യം ചെയ്തിരിക്കുന്നു. ഫിലിം മേക്കിംഗിന്റെ എല്ലാവശങ്ങളിലും അത്യാകർഷകമായി നിയന്ത്രണം പുലർത്തിക്കൊണ്ട്, പ്രേക്ഷകന്റെ മനസ്സിനെ പിൻതുടരുകയാണ് ഈ ചലച്ചിത്രം.

4. **മികച്ച നടൻ** – **സലിംകുമാർ**

**ചിത്രം** – **ആദാമിന്റെ മകൻ അബു**

*(75,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

സലിം കുമാർ അഭിനയിക്കുകയായിരുന്നില്ല, കഥാപാത്രമായി ജീവിക്കുകയായിരുന്നു. കഥാപാത്രത്തിന്റെ ഓരോ വികാരവും, വേദനയും, ആഹ്ളാദവും, പരാജയവുമൊക്കെ അതിമനോഹരമായി ആവിഷ്കരിക്കുമ്പോൾ ഈ നടൻ ഭാവി കാലത്തിലെ അഭിനേതാക്കൾക്ക് പ്രചോദനമാകുന്നു.

5. **മികച്ച നടി** – **കാവ്യാ മാധവൻ**

**ചിത്രം** – ഗദ്ദാമ

*(75,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

അറബിനാട്ടിൽ 'ഗദ്ദാമ' മെന്ന പേരിൽ വീട്ടുവേലക്കാരിയായി എത്തുന്ന ഒരു സ്ത്രീ നിലനിൽപ്പിനായി നടത്തുന്ന പോരാട്ടവും അവൾ ഏറ്റു വാങ്ങുന്ന പീഢനവും അത്യുജ്ജ്വലമായി ആവിഷ്കരിക്കുവാൻ കഴിഞ്ഞിരിക്കുന്നു.

6. **മികച്ച രണ്ടാമത്തെ നടൻ** – **ബിജു മേനോൻ**

**ചിത്രം** – ടി.ഡി.ദാസൻ സ്റ്റാന്റേർഡ് 6 ബി

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

സ്നേഹത്തിന്റേയും, സഹാനുഭൂതിയുടേയും, വാത്സല്യത്തിന്റേയും വിവിധ തലങ്ങളിൽ ജീവിക്കുന്ന ഒരു കഥാപാത്രത്തിന്റെ മനസ്സിൽതട്ടുന്ന ആവിഷ്കാരം.

7. **മികച്ച രണ്ടാമത്തെ നടി** – **മമ്താ മോഹൻദാസ്**

**ചിത്രം** – കഥ തുടരുന്നു

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഒരുകാമുകി, ഭാര്യ, അമ്മ, സുഹൃത്ത് എന്നീ നിലകളിൽ വിവിധ വികാരങ്ങളുടെ ആവിഷ്കാരം ഉദാത്തമായ അഭിനയത്തിന്റെ ഉയരങ്ങളിലെത്തിച്ചേർന്നിരിക്കുന്നു.

8. **മികച്ച ഹാസ്യനടൻ** – **സുരാജ് വെഞ്ഞാറമൂട്**

**ചിത്രം** – ഒരുനാൾ വരും

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ജീവിതത്തിലെ വിരോധാഭാസങ്ങളെ തീർത്തും രസകരമായ രീതിയിൽ അടിവരയിടുന്ന ശ്യാമ ഹാസ്യത്തിന്റെ അവതരണത്തിന്.

9. **മികച്ച ബാലതാരം** – **കൃഷ്ണ പത്മകുമാർ**

**ചിത്രം** – ജാനകി

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

സാമൂഹ്യ ഘടനയുടെ നീചപ്രവൃത്തികളെ നേരിടാൻ വിധിക്കപ്പെട്ട ഒരു കുട്ടിയുടെ മാനസികവേദനയുടെ സത്യസന്ധമായ ആവിഷ്കാരം.

10. **മികച്ച കഥാകൃത്ത്** – **മോഹൻ ശർമ്മ**

**ചിത്രം** – ഗ്രാമം

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഒരുശാന്തമായ ഗ്രാമത്തെ നരകതുല്യമാക്കിമാറ്റിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരം.

11. **മികച്ച ഛായാഗ്രാഹകൻ** – **1. ഷഹനാദ് ജലാൽ**

**2. എം.ജെ രാധാകൃഷ്ണൻ**

**ചിത്രങ്ങൾ** – 1. ചിത്രസൂത്രം, 2. വീട്ടിലേക്കുള്ള വഴി

*(20,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

1. ഒരു ചലച്ചിത്രത്തെ, നീണ്ടുനിൽക്കുന്ന യാഥാർഥ്യത്തിന്റെ മേഖലയിലേക്ക് നയിക്കുന്ന വ്യത്യസ്ഥമായ ഒരു ദൃശ്യ നിർമ്മിതിക്ക്.

2. ഒരു കഥാപാത്രത്തിന്റെ വ്യത്യസ്ത ലക്ഷ്യങ്ങളിലേക്കുള്ള പ്രയാണങ്ങളെ സ്വാഭാവികമായ പ്രകാശ സ്രോതസ്സുപയോഗിച്ച്കൊണ്ട് സൃഷ്ടിച്ച ഇരുളിന്റേയും വെളിച്ചത്തിന്റേയും യഥാർഥവും അനുപമവുമായ ബിംബത്തിന്

12. **മികച്ച തിരക്കഥാകൃത്ത്** - **സലിം അഹമ്മദ്**

**ചിത്രം** - ആദാമിന്റെ മകൻ അബു

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഹജ്ജിന് പോകാൻ ആഗ്രഹിക്കുന്ന ദമ്പതികളിലൂടെ, മതത്താൽ വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹം അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളുടെ അതിജീവനം സാദ്ധ്യമാക്കുന്ന മനുഷ്യത്വത്തിന്റെ സാരാംശ ങ്ങളിലൂടെ, നമ്മുടെ ജീവിതത്തിനുതന്നെ വെളിച്ചം പകരുന്ന ഉജ്ജ്വലമായ പരിശ്രമം.

13. **മികച്ച ഗാനരചയിതാവ്** - **റഫീക്ക് അഹമ്മദ്**

**ചിത്രം** - **സദ്ഗമയ**

**ഗാനം** - ഒരു പൂവിനിയും വിടരും വനിയിൽ ......

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

സൂക്ഷ്മമായ വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്ന ബിംബങ്ങൾ ഉൾക്കൊള്ളുന്ന മനോഹരമായ വരികൾ, പ്രമേയത്തോടൊപ്പം ഇഴ ചേരുമ്പോൾ പ്രണയത്തിന്റേയും ജീവിതത്തിന്റേയും പ്രതീക്ഷയുടേയും ഉറച്ച വശങ്ങളെയും നമ്മെ ഓർമ്മപ്പെടുത്തുന്നു ഈഗാനം.

14.. **മികച്ച സംഗീത സംവിധായകൻ (ഗാനം)** - **എം. ജയചന്ദ്രൻ**

**ചിത്രം** - കരയിലേക്കൊരു കടൽദൂരം

**ഗാനം** - ചിത്രശലഭമേ ...........

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ശാസ്ത്രീയസംഗീതത്തിന്റെ ശക്തമായ അടിത്തറയുള്ള ഗാനമൊരുക്കിയ മികവിന് പുരസ്കാരം. രസി കപ്രിയരാഗത്തെ ഏറ്റവും മനോഹരമായി ഈ ഗാനത്തിൽ ഉപയോഗിച്ചിരിക്കുന്നു. ശുദ്ധസംഗീത്തോ ടുള്ള ജയചന്ദ്രന്റെ ആദരവും, ചിത്രത്തിലെഗാനത്തിന്റെ സ്ഥാനവും അഭിനന്ദനമർഹിക്കുന്നു.

15. **മികച്ച സംഗീത സംവിധായകൻ** - **ഐസക്ക് തോമസ് കോട്ടുകാപ്പള്ളി**

**(പശ്ചാത്തല സംഗീതം)**

**ചിത്രം** - **1. സദ്ഗമയ, 2. ആദാമിന്റെ മകൻ അബു**

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

തീർത്തും അസാധാരണമായ നിയന്ത്രണത്തോടെ ഉപയോഗിച്ചിരിക്കുന്ന പശ്ചാത്തല സംഗീതം ഈരണ്ടു ചിത്രങ്ങളുടേയും ദൃശ്യങ്ങൾ കൂടുതൽ ചലനാത്മകവും അർത്ഥവത്തുമായി മാറ്റിയിരിക്കുന്നു.

16. **മികച്ച പിന്നണിഗായകൻ** - **ഹരിഹരൻ**

**ഗാനം** - **പാട്ടുപാടുവാൻ മാത്രം ..........**

**ചിത്രം** - **പാട്ടിന്റെ പാലാഴി**

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഗസൽ സംഗീതത്തിൽ മറ്റാർക്കും പകർത്താനാകാത്ത ആലാപനമികവ്. ചിത്രത്തിന്റെ ഭാവം ഉൾക്കൊ ണ്ടുകൊണ്ട് പാടിയഈഗാനം ശ്രോതാക്കളെ സംഗീതത്തിന്റെ മായിക ലോകത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്നു.

17. **മികച്ച പിന്നണിഗായിക** - **രാജലക്ഷ്മി**

ഗാനം - **ഒളിച്ചിരുന്നേ ഒന്നിച്ചൊളിച്ചിരുന്നേ......**

**ചിത്രം** - **ജനകൻ**

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

മലയാള സിനിമയിലെ താരതമ്യേന പുതിയ ശബ്ദമായ രാജലക്ഷ്മി ഈഗാനം അത്യധികം മികവോടും പുതുമയോടും കൂടി ആലപിച്ചിരിക്കുന്നു.

18. **മികച്ച ക്ലാസിക്കൽ സിംഗർ** - **ഡോ. ബാലമുരളീകൃഷ്ണ**

**ചിത്രം** - ഗ്രാമം

ഗാനം - ഇയർ കൈ അന്നൈയിൽ.......

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഈ ചിത്രത്തിലെ രാഗമാലികയുടെ ആലാപനത്തിലൂടെ ശ്രോതാവിനെ ആനന്ദത്തിന്റെ കൊടുമുടിയിലേക്ക് ഉയർത്തിക്കൊണ്ടുപോകുകയാണ് ഇന്ത്യൻ ശാസ്ത്രീയ സംഗീതരംഗത്തെ ജീവിക്കുന്ന ഇതിഹാസം.

19. **മികച്ച ചിത്ര സംയോജകൻ** - **സോഭിൻ കെ സോമൻ**

**ചിത്രം** - പകർന്നാട്ടം

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

മനോദുഖത്തിന്റെ വിവരണാതീതമായ ഭാവങ്ങളെ ഉണർത്തുന്ന വികാരപരമായ നാടകീയ മുഹൂർത്തങ്ങളുടെ ദൃശ്യങ്ങൾ അതീവ സാങ്കേതികത്തികവോടെ സംയോജിപ്പിച്ചിരിക്കുന്നു.

20. **മികച്ച കലാസംവിധായകൻ** - **കെ. കൃഷ്ണൻകുട്ടി**

**ചിത്രം** - യുഗപുരുഷൻ

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

കേരളത്തിലെ നവോത്ഥാന കാലഘട്ടത്തെ ആധികാരികമായി പുനരാവിഷ്കരിച്ചതിലൂടെ പ്രേക്ഷകർക്ക് ആ കാലത്തിലൂടെ വിസ്മയകരമായി സഞ്ചരിക്കാൻ അവസരമൊരുക്കിയിരിക്കുന്നു.

21. **മികച്ച ശബ്ദലേഖകൻ** - **ശുഭദീപ് സെൻഗുപ്ത, അജിത് എം ജോർജ്**

**ചിത്രം** - ചിത്രസൂത്രം

*(20,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

പാരമ്പര്യമായ ശബ്ദ സങ്കൽപ്പങ്ങളെ കർശ്ശനമായി ഒഴിവാക്കുകയും പകരം ഭാവനാ സമ്പന്നമായ സൗണ്ട് ട്രാക്ക് ഉപയുക്തമാക്കുകയും ചെയ്തിരിക്കുന്നു. ഇതിലൂടെ ദൃശ്യങ്ങളെ മികവിന്റെ അസാധാരണമായ ഒരുതലത്തിലേക്ക് ആവാൻ കഴിഞ്ഞിട്ടുണ്ട്.

22. **മികച്ച പ്രോസസ്സിംഗ് ലബോറട്ടറി** - **പ്രസാദ് കളർലാബ്**

**ചിത്രം** - വീട്ടിലേക്കുള്ള വഴി

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ചലച്ചിത്ര സംസ്കരണത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കൊപ്പമെത്തുന്ന പ്രോസസിംഗ് പരിചയത്തിലൂടെ ഒരു ഇഴയടുപ്പം സൃഷ്ടിച്ചതിന്.

23. **മികച്ച മേക്കപ്പ്മാൻ** - **പട്ടണം റഷീദ്**

**ചിത്രം** - യുഗപുരുഷൻ

*(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും )*

ശ്രീനാരായണഗുരു എന്ന കഥാപാത്രത്തിന്റെ ജീവിത സഞ്ചാരങ്ങളുടെ വിവിധഘട്ടങ്ങളെ തീർത്തും സ്വാഭാവികമായി രൂപപ്പെടുത്തിയ കരവിരുതിന്.

24. **മികച്ച വസ്ത്രാലങ്കാരം** - **എസ്. ബി. സതീശൻ**

**ചിത്രം** - യുഗപുരുഷൻ, മകരമഞ്ഞ്

*(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)*

ഇരുചിത്രങ്ങളും പ്രതിനിധാനം ചെയ്യുന്ന കാലഘട്ടങ്ങളിലെ സാമൂഹികവും വർഗ്ഗപരവും കാലികവുമായ വസ്ത്രധാരണ രീതികളെ ശക്തമായി പകർത്തിയിരിക്കുന്നു.

25. **മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്** - **1. റിസബാവ, 2. പ്രവീണ**

**ചിത്രം** - **1. കർമ്മയോഗി, 2. ഇലക്ട്ര**

*(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

1. തലൈവാസൽ വിജയ് അവതരിപ്പിച്ച ഭൈരവൻ എന്ന കഥാപാത്രം റിസബാവയുടെ ശബ്ദത്തിലൂടെ അസാധാരാണമായ ഒരു തലം നേടുകയും അതിലൂടെ ആ കഥാപാത്രത്തിന്റെ പ്രകടനത്തിന് ഉജ്വലമായ മിഴിവ് കൈവരികയും ചെയ്യുന്നു.

2. ശബ്ദാഭിനയത്തിന്റെ മികവിലൂടെ അഭിനേതാവിന്റെ സാന്നിദ്ധ്യം അറിയിക്കുവാൻ പോന്ന ശബ്ദം. മനീഷാ കൊയ് രാളയുടെ ചുണ്ടുകളിൽനിന്ന് ഉതിരുന്ന പ്രവീണയുടെ ശബ്ദം അത് പ്രകടമാക്കുന്നു.

26. **മികച്ച കോറിയോഗ്രാഫർ** - **മധുഗോപിനാഥ്, സജീവ് വക്കം**

**ഗാനം** -

**ചിത്രം** - **മകരമഞ്ഞ്**

*(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

പരമ്പരാഗതനൃത്തരൂപങ്ങളുടെ വിന്യാസത്തിലൂടെ യാഥാർഥ്യത്തേയും ഫാന്റസിയേയും കൂട്ടിച്ചേർത്തു കൊണ്ട് പ്രണയാതുരമായ ഈണങ്ങളെ ഇഴചേർന്ന നൃത്ത സംവിധാനത്തിന്

27. **മികച്ച കലാമൂല്യവും ജനപ്രീതിയും നേടിയ ചിത്രം** - **പ്രാഞ്ചിയേട്ടൻ ആന്റ് ദ സെയിന്റ്**

**സംവിധായകൻ** - **രഞ്ചിത്ത്**

**നിർമ്മാതാവ്** - രഞ്ചിത്ത്

(നിർമ്മാതാവിനും സംവിധായകനും 80,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

ഒരുപുണ്യവാളനുമായുള്ള അത്യപുർവമായ കണ്ടുമുട്ടലിലൂടെ ജീവിതത്തിന്റെ പൊള്ളത്തരം ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഒപ്പം ജീവിതത്തിന്റെ നന്മകളെ ഉയർത്തിപ്പിടിക്കുവാൻ പരിശ്രമിക്കുകയും ചെയ്തിരിക്കുന്നു.

28. **മികച്ച നവാഗത സംവിധായകൻ** - **മോഹൻ രാഘവൻ**

**ചിത്രം** - ടി.ഡി.ദാസൻ സ്റ്റാന്റേ്ഡ് 6 ബി

*(80,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)*

തന്റെ പുതിയ ചലച്ചിത്രത്തിന്റെ പ്രമേയം തേടിയുള്ള ഒരു സംവിധായകന്റെ അന്വേഷണത്തിൽ അയാൾ അറിയാതെതന്നെ തന്റെ വീടിനുള്ളിൽ വികസിക്കുന്ന കഥ അതിവിദഗ്ധമായി അവതരിപ്പിച്ചതിന്

## പ്രത്യേക ജൂറി അവാർഡ്

1. **സംവിധാനം** - വിപിൻ വിജയ്

ചിത്രം - ചിത്രസൂത്രം

*(80,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)*

ചലച്ചിത്രരചനയിൽ തുടർന്നുവരുന്ന പരമ്പരാഗത ശൈലിയെ വെല്ലുവിളിക്കാനുള്ള അനിതരസാധാരണമായ ധീരത പുലർത്തിയ ഉജ്ജ്വലമായ സംവിധാന മികവിന് പുരസ്കാരം.

## പ്രത്യേക ജൂറി പരാമർശം

1. സംവിധാനം - പ്രേം ലാൽ

ചിത്രം - ആത്മകഥ

( ശിൽപ്പവും പ്രശസ്തി പത്രവും)

തനിക്കുചുറ്റുമുള്ള മനുഷ്യരിലേക്ക് ഹൃദയത്തിന്റെ വെളിച്ചം പകർന്നു നൽകുന്ന അന്ധനായ മനുഷ്യന്റെ അനുപമമായ അവതരണത്തിന്.

2. **നടൻ - തലൈവാസൽ വിജയ്**

**ചിത്രം - യുഗപുരുഷൻ**

( ശിൽപ്പവും പ്രശസ്തി പത്രവും)

ശ്രീനാരായണഗുരുവിന്റെ വേഷം അസാമാന്യമായ ഒതുക്കത്തോടെ അവതരിപ്പിച്ചതിന്

## ഡോക്യുമെന്ററി

1. മികച്ച ഡോക്യുമെന്ററി - **മേക്കിങ് ഓഫ് എ മാസ്ട്രോ**

നിർമാതാവ് - കെ. നാരായണൻ

സംവിധാനം - മീനാദാസ് നാരായണൻ

( 30,000 രൂപയും ശിൽപ്പവും പ്രശസ്തിപത്രവും നിർമാതാവിനും, 18,000 രൂപയൂം ശിൽപ്പവും പ്രശസ്തിപത്രവും സംവിധായികക്കും)

ഒരു കഥകളി ആചാര്യന്റെ വേലിയേറ്റവും വേലിയിറക്കവും ഇഴചേർന്ന ജീവിതത്തിന്റെ ആധികാരികമായ നേർകാഴ്ച ആ ജീവിതവുമായി അടുത്തുനിൽക്കുന്ന വിവിധ കഥാപാത്രങ്ങളുടെ വേദിയിലെ അവതരണങ്ങളുമായി ബന്ധപ്പെടുത്തി ശക്തമായി പ്രകടിപ്പിച്ചതിന്.

# രചനാവിഭാഗം അവാർഡുകൾ

# രചനാവിഭാഗം ജൂറി പരാമർശം

സിനിമാ സംബന്ധിയായ 11 ലേഖനങ്ങളാണ് പരിഗണനക്ക് വന്നത്, മലയാളസിനിമയുടെയും ഇന്ത്യൻ സിനിമയുടെയും, ലോക സിനിമയുടെയും പൊതുപശ്ചാത്തലത്തിലുള്ള സാമാന്യവിലയിരുത്തലുകളും സവിശേഷ പഠനങ്ങളും നിരൂപണങ്ങളുമാണ് ഇവയിൽ ഏറെയും. മലയാള ചലച്ചിത്ര സാഹിത്യത്തിന്റെ വികാസത്തെ ഉദാഹരിക്കുന്ന ചില പഠനങ്ങളും ഇക്കൂട്ടത്തിലുണ്ട്. മലയാള സിനിമയുടെ രണ്ടു സവിശേഷ ഘടകങ്ങളെ അപഗ്രഥിക്കുന്നു തുല്യ പ്രാധാന്യമുണ്ട് എന്ന് തോന്നിയ രണ്ട് ലേഖനങ്ങളാണ് ഇവയിൽനിന്ന് അവാർഡിനായി തിരഞ്ഞെടുത്തത്. എൻ. വി. സുജിത് കുമാർ എഴുതിയ **നൊസ്റ്റാൾജിയ നിർമ്മിക്കപ്പെടുന്നത്** എന്ന പഠനവും ഡോ. ബിജു എഴുതിയ **കൊല്ലരുത് സംവിധായകരെ** എന്ന ലേഖനവും അവാർഡ് പങ്കിടുന്നു. ( പ്രസിദ്ധീകൃതമായത് ഭാഷാപോഷിണിയിലും മാതൃഭൂമി ആഴ്ചപ്പതിപ്പിലും)

മലയാളസിനിമയുടെ ഒരു മുഖ്യ പ്രതിപാദ്യമായി പരിചരിക്കപ്പെടുന്ന കേരളീയതയുടെ നാനാർഥങ്ങൾ അന്വേഷിക്കുന്ന പഠനമാണ് സുജിത്തിന്റെ ലേഖനം. സാംസ്കാരിക വിമർശനം എന്ന നിലയിൽ പാരമ്പര്യവിമുക്തമായ ഒരു കാഴ്ചപ്പാട് പുലർത്തുന്നു സുജിത്തിന്റെ ലേഖനം.

മലയാള ചലച്ചിത്ര നിർമ്മാണരംഗം പ്രായോഗികമായി നേരിടുന്ന പ്രശനങ്ങളെ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുവാൻ ഉദ്യമിക്കുന്നതാണ് ഡോ. ബിജുവിന്റെ ലേഖനം. ആദ്യത്തേത് സിനിമയുടെ സൗന്ദര്യ ശാസ്ത്ര/ സാമൂഹ്യ ശാസ്ത്രപരമായ പഠനമാണെങ്കിൽ രണ്ടാമത്തേത് ചലച്ചിത്ര നിർമ്മാണ രംഗത്തെ പ്രശനങ്ങളെയാണ് വിലയിരുത്തുന്നത്.

2010-ൽ പ്രസിദ്ധീകരിച്ച സിനിമാ സംബന്ധിയായ 14 പുസ്തകങ്ങളാണ് പരിഗണനക്ക് ലഭിച്ചത്. ചലച്ചിത്രപഠനം, അനുഭവസ്മരണ, ജീവചരിത്രം, റഫറൻസ് എന്നീ മേഖലകളിൽ നിന്നുള്ളവയാണീ പുസ്തകങ്ങൾ.

ചലച്ചിത്രകലയിലെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നായ തിരക്കഥയെക്കുറിച്ചുള്ള ഒരു സവിശേഷപഠനം എന്ന നിലയിൽ ജോസ് കെ മാനുവൽ എഴുതിയ **തിരക്കഥാ സാഹിത്യം സൗന്ദര്യവും പ്രസക്തിയും** എന്ന പുസ്തകത്തിനും മലയാള സിനിമയെ വ്യത്യസ്ത കാഴ്ചപ്പാടിൽ വിലയിരുത്തുന്ന പഠനകൃതി എന്ന നിലയിൽ പി. എസ്. രാധാകൃഷ്ണന്റെ **ചരിത്രവും ചലച്ചിത്രവും ദേശഭാവനയുടെ ഹർഷമൂല്യങ്ങൾ** എന്ന പുസ്തകത്തിനും പുരസ്കാരം തുല്യമായി നൽകാനാണ് ജൂറിയുടെ തീരുമാനം.

മലയാള സിനിമയെക്കുറിച്ചും ഇന്ത്യൻ സിനിമയെക്കുറിച്ചുമുള്ള സവിശേഷ പഠനങ്ങൾ വളരെ കുറവാണ്. ഏതെങ്കിലും സൗന്ദര്യശാസ്ത്ര പദ്ധതികളുടേയോ നിരൂപണ പദ്ധതികളുടേയോ അവലംബങ്ങളില്ലാത്ത കേവല ആസ്വാദനങ്ങളും നിരൂപണങ്ങളുമാണ് കൂടുതലും പുസ്തകങ്ങളായി സമാഹരിക്കപ്പെട്ടിരിക്കുന്നത്. മലയാള ചലച്ചിത്രനിരൂപണ സാഹിത്യത്തിന്റെ വികാസത്തെയല്ല ഇത് കാണിക്കുന്നത്.

1. **മികച്ച സിനിമാ ഗ്രന്ഥം** – 1. **തിരക്കഥാസാഹിത്യം : സൗന്ദര്യവും പ്രസക്തിയും**

**ഗ്രന്ഥകർത്താവ്** – ജോസ് കെ മാനുവൽ

2. ചരിത്രവും ചലച്ചിത്രവും : ദേശീയ ഭാവനയുടെ ഹർഷമൂല്യങ്ങൾ

**ഗ്രന്ഥകർത്താവ്** – **പി.എസ്.രാധാകൃഷ്ണൻ**

*(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

1. തിരക്കഥയെക്കുറിച്ചുള്ള സവിസ്തര പഠനം എന്ന നിലയിലാണ് ഈ കൃതി പരിഗണനാർഹമായത്.

2. മലയാള സിനിമയെക്കുറിച്ചുള്ള മൗലികതയാർന്ന നിരീക്ഷണങ്ങളുള്ള വിശേഷ പഠനമാണ് ഈ കൃതി

2. മികച്ച സിനിമാ ലേഖനം : 1. **നൊസ്റ്റാൾജിയ നിർമ്മിക്കപ്പെടുന്നത്**

ലേഖകൻ എൻ. വി. സുജിത് കുമാർ

2. **കൊല്ലരുത് സംവിധായകരെ**

ലേഖകൻ ഡോ. ബിജു

*(10,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)*

1. മലയാള സിനിമയുടെ മുഖ്യപ്രതിപാദ്യമായി പരിചരിക്കപ്പെടുന്ന കേരളീയതയുടെ നാനാർത്ഥങ്ങൾ അന്വേഷിക്കുന്ന മൗലിക പഠനം. മലയാള സിനിമ ആവശ്യപ്പെടുന്ന സവിശേഷ പഠനങ്ങൾക്ക് ഒരു മാതൃക എന്ന നിലയിൽ ശ്രദ്ധേയം.

2. ചലച്ചിത്രം ഒരു വ്യവസായവും കലയും എന്ന നിലയിൽ നേരിടുന്ന പ്രായോഗിക സമസ്യകളെ വിലയിരുത്തുന്ന ലേഖനമാണിത്. ഫിലിം ജേർണലിസത്തിന്റെ നല്ലൊരു മാതൃക എന്ന നിലയിൽ ശ്രദ്ധേയം.